# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3449 15-03-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എൻ. ഷംസുദ്ദീൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയുടെ വിശദവിവരം വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18% ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48% ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി/വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി ടി കാരണം കൊണ്ട്, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി/വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ജി.എസ്.റ്റി അടക്കം) 5.26% വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിൽ തനത് നികുതിയേതര വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള |

<table>
<tr><td></td><td></td><td>ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവു ണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനം ഏതെല്ലാം വിദേശ ഏജൻസികളിൽനിന്നും എത്രരൂപ വീതം, ഏതെല്ലാം ആവശ്യങ്ങൾക്ക് കടമെടുത്തിട്ടുണ്ട് എന്നതിന്റെ വിശദ വിവരം നൽകുമോ ?</td><td>വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്കാണ് വിദേശ ഏജൻസി കളിൽനിന്നുള്ള ധനസഹായം കേന്ദ്ര സർക്കാർ മുഖേന ലഭിച്ചുവരുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വിദേശ സഹായപദ്ധതികൾക്കുള്ള അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയുടെ (2018 നവംബർ വരെയുള്ള വകുപ്പുതല കണക്ക്) വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ഏജൻസി</th><th>ഇനം</th><th>തുക (കോടിയിൽ)</th></tr>
<tr><td>IDA</td><td>KRWSSP</td><td>267.31</td></tr>
<tr><td>IBRD</td><td>KSTP-II</td><td>213.65</td></tr>
<tr><td>IDA</td><td>DRIP</td><td>77.44</td></tr>
<tr><td>ADB</td><td>KSUDP</td><td>10.27</td></tr>
<tr><td>ADB</td><td>ASAP</td><td>101.22</td></tr>
<tr><td>IDA</td><td>KLGSDP</td><td>369.31</td></tr>
</table></td></tr>
</table>

അക്കൗണ്ട്സ് ഓഫീസർ